**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1122** **02.05.2017 ൽ മറുപടിയ്ക്ക്**

**"വിള ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. സി.എഫ് തോമസ്,<br>ഡോ. എൻ. ജയരാജ് | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷിക വിളക ളുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരു ത്തുന്നതിന് നിലവിൽ കൃഷി വകുപ്പ് മുഖേന എന്തെല്ലാം കാര്യങ്ങളാണ് ചെയ്തു വരുന്നതെന്ന് വ്യക്തമാ ക്കാമോ ; | (എ) കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷയ്ക്കായി വിള ആരോഗ്യ പരിപാലനം നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുത്ത കൃഷി ഭവനുകൾ, വിള ആരോഗ്യ ക്ലിനിക്കുകൾ എന്നിവ മുഖേന കീടരോഗ നിരീക്ഷണം നടത്തുകയും കീടനിരീക്ഷണ പത്രിക തുടങ്ങിയവ മുഖേന കീടരോഗബാധ സംബന്ധിച്ചും നിയന്ത്രണ മാർഗ്ഗങ്ങൾ സംബന്ധിച്ചും കർഷകർക്ക് മുന്നറിയിപ്പും ആവശ്യമായ നിർദ്ദേശങ്ങളും നൽകുന്നുണ്ട്. സംയോജിത കീടനിയന്ത്രണം, ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ, മങ്കൊമ്പ് കീട നിരീക്ഷണ കേന്ദ്രം എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി ഓഫീസർമാർക്ക് വിള ആരോഗ്യ പരിപാലനത്തിൽ ദ്വിവൽസര ഡിപ്ലോമാ കോഴ്സ് NIPHM മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) കൃഷിക്കാർക്ക് സഹായകരമായ രീതിയിൽ വിള- ആരോഗ്യ കേന്ദ്ര ങ്ങളുടെ പ്രവർത്തനം സംസ്ഥാനത്ത് എങ്ങനെയാണ് ക്രമീകരിച്ചിരിക്കു ന്നത്; പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന രീതി എപ്രകാരമാണെന്നു വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ ഓരോ ബ്ലോക്കിലും ഒന്നെന്ന രീതിയിൽ 152 വിള ആരോഗ്യ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. കീടരോഗ നിർണ്ണയത്തിനുള്ള മൈക്രോസ്കോപ്പുകൾ, മാഗ്നിഫൈയറുകൾ, പി.എച്ച് മീറ്റർ, ശത്രു-മിത്ര കീടങ്ങളെ തിരിച്ചറിയുന്നതിനുള്ള സ്പെസിമെനുകൾ, ഫോട്ടോഗ്രാഫുകൾ ചാർട്ടുകൾ എന്നിവയും കൃഷി സംബന്ധമായ വിവരങ്ങൾ, ലഘുലേഖകൾ, മാഗസിനുകൾ, സിഡികൾ എന്നിവയടങ്ങിയ ചെറു ലൈബ്രറികളും ഈ ക്ലിനിക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. |
| (സി) കാർഷിക വിജ്ഞാന - വ്യാപനം ലക്ഷ്യമാക്കി ആരംഭിച്ച വിള -ആരോഗ്യ -കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കു ന്നതിനും കൃഷിയിടങ്ങളിലെ പ്രശ്നങ്ങ ളുമായി കൃഷി ഭവനിൽ എത്തുന്ന കർഷകർക്ക് അവ പരിഹരിക്കുന്ന തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (സി) സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**